**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.43/2026 22.05.2026

## കർഷക ആനുകൂല്യങ്ങൾ വേഗത്തിലാക്കാൻ അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രി: ഈ മാസം തന്നെ കർഷകർ രജിസ്ട്രേഷൻ പൂർത്തിയാക്കണം

കേന്ദ്ര സർക്കാരിന്റെ എല്ലാവിധ കാർഷിക ആനുകൂല്യങ്ങളും കാലതാമസമില്ലാതെ കർഷകരിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രി' ഡിജിറ്റൽ തിരിച്ചറിയൽ പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ കർഷകരും ഈ മാസം തന്നെ രജിസ്റ്റർ ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു.

ആദ്യഘട്ടത്തിൽ കൃഷിഭവനുകൾ വഴിയായിരുന്നു അഗ്രിസ്റ്റാക്കിൽ രജിസ്റ്റർ ചെയ്തിരുന്നത്. എന്നാൽ, ഇപ്പോൾ സ്വന്തമായോ അക്ഷയ കേന്ദ്രം, കോമൺ സർവീസ് സെന്റർ എന്നിവ വഴിയോ രജിസ്റ്റർ ചെയ്യാൻ അവസരം ഒരുക്കിയിട്ടുണ്ട്. നിലവിൽ സ്വന്തമായി ഭൂമിയുള്ള കർഷകർക്ക് റജിസ്റ്റർ ചെയ്യാം. റജിസ്റ്റർ ചെയ്യുന്നവർക്ക് ഏകീകൃത കർഷക ഐഡി ലഭിക്കും. പ്രസ്തുത ഐഡി ഉണ്ടെങ്കിൽ മാത്രമേ ഭാവിയിൽ കേന്ദ്ര സർക്കാരിന്റെ കാർഷിക ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. അതിനാൽ കർഷക രജിസ്ട്രിയിലെ രജിസ്ട്രേഷൻ എല്ലാ കർഷകരും പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്.

കൃഷിക്കാരെ സംബന്ധിച്ച് എല്ലാ വിവരങ്ങളും ഈ ഒറ്റ ഐഡി നമ്പറുമായി ബന്ധിപ്പിക്കും. ഭൂരേഖാ വിവരങ്ങൾ പരിശോധിച്ചാണ് റവന്യൂ വകുപ്പ് കർഷക ഐഡിക്കുള്ള അനുമതി നൽകുന്നത്. അതുകൊണ്ടുതന്നെ വില്ലേജ് ഓഫിസുകളിൽനിന്നുള്ള പരിശോധന പൂർത്തിയായാലേ ഐഡി ലഭിക്കുകയുള്ളൂ. ആധാറും ഭൂമിയുടെ രേഖകളും ഒരിക്കൽ ബന്ധിപ്പിച്ച

കഴിഞ്ഞാൽ, ഓരോ പുതിയ പദ്ധതികൾക്കും ആവർത്തിച്ച് രേഖകൾ സമർപ്പിക്കേണ്ടി വരില്ല എന്നത് കർഷക രജിസ്ട്രിയുടെ പ്രത്യേകതയാണ്. ഇതുവഴി ആനുകൂല്യങ്ങളും സബ്സിഡികളും സുതാര്യമായും വേഗത്തിലും കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് എത്തും. ഭാവിയിൽ ഡിജിറ്റൽ ക്രോപ്പ് സർവേയുമായി ഇത് ബന്ധിപ്പിക്കുന്നതോടെ ഇൻഷുറൻസ് ക്ലെയിമുകളും അതിവേഗം ലഭ്യമാകും.

എങ്ങനെ രജിസ്റ്റർ ചെയ്യാം?

കർഷകർക്ക് തങ്ങളുടെ ആധാർ കാർഡ്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ, ഭൂമിയുടെ രേഖകൾ (കരമടച്ച രസീത്/ പോക്കുവരവ് രേഖകൾ) എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്ററുകൾ അല്ലെങ്കിൽ കൃഷിഭവനുകൾ വഴി ഫാർമർ ഐഡി ക്ക് വേണ്ടി രജിസ്റ്റർ ചെയ്യാം. തുടർന്ന് റവന്യൂ വകുപ്പിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കർഷക ഐഡി ലഭ്യമാകും.

പ്രത്യേക ക്യാമ്പുകൾ ഈ മാസം

ഈ മാസം അവസാനത്തോടെ പരമാവധി കർഷകരെ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി കൃഷിഭവനുകൾ, കർഷക കൂട്ടായ്മകൾ എന്നിവയുടെ നേതൃത്വത്തിൽ വാർഡ്, പഞ്ചായത്ത് തലങ്ങളിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കും. രജിസ്ട്രേഷനിൽ പിന്നിൽ നിൽക്കുന്ന ജില്ലകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കും.

രാജ്യത്താകമാനം ഒമ്പത്  കോടിയിലധികം കർഷകർ ഇതിനോടകം ഫാർമർ ഐഡി സ്വന്തമാക്കിക്കഴിഞ്ഞു. ഈ ഡിജിറ്റൽ സംവിധാനത്തിന്റെ ഭാഗമായി, അർഹതപ്പെട്ട കാർഷിക ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാകുവാൻ കേരളത്തിലെ മുഴുവൻ കർഷകരും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

**പ്രിൻസിപ്പൽഇൻഫർമേഷൻഓഫീസർ**